പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2522 — 9/3/2017 ൽ മറുപടിക്ക്

**മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ: | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) ഗുണമേന്മയുള്ളതും ഉത്പാദനക്ഷമത കൂടിയതും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് വളരാനാകുന്നതുമായ പക്ഷിമൃഗാദികളെ ഉൽപാദിപ്പിച്ചും വളർത്തിയും മിതമായ വിലക്ക് കർഷകർക്ക് ലഭ്യമാക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) മൃഗസംരക്ഷണവകുപ്പിന്റെ ഫാമുകൾ വഴി ലഭ്യതയനുസരിച്ച് ആട്, കോഴി, താറാവ്, പന്നി എന്നിവ മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതികൾ വകുപ്പുവഴി നടപ്പാക്കുന്നുണ്ട്. |
| ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എന്തെല്ലാം പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നതെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ; | ബി) കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഒരു വ്യക്തിക്ക് 12500/- രൂപ വകയിരുത്തിയിട്ടുള്ളതിൽ 6250/-രൂപ ഗുണഭോക്തൃ വിഹിതവും 3125/- രൂപ വീതം സ്റ്റേറ്റ് ഫണ്ടും പഞ്ചായത്ത് ഫണ്ടും ചേർന്നതാണ്. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.<br>കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വിനിയോഗിച്ച് പശു, കിടാരി, ആട്, കോഴി വളർത്തൽ പദ്ധതികൾ, മൃഗസംരക്ഷണ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ, മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണവും അറ്റകുറ്റ പണികളും, തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രണ പദ്ധതി, ക്യാമ്പ് ഡിസ്പെൻസറികളും ഫാം സന്ദർശനങ്ങളും, വറ്റുകറവ തീറ്റ വിതരണ പദ്ധതി, ന്യായവില മെഡിക്കൽ സ്റ്റോറുകൾ എന്നിവ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ